**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **5678** **24.05.2017-** ൽ മറുപടിയ്ക്ക്

## കേരളത്തെ വയോജന സൗഹൃദ സംസ്ഥാനമാക്കുന്നതിന് നടപടി

ചോദ്യം

ശ്രീ.പുരുഷൻ കടലുണ്ടി
ശ്രീ.എം.മുകേഷ്
ശ്രീ.പി.ടി.എ.റഹീം
ശ്രീ.കെ.കെ.രാമചന്ദ്രൻ നായർ

മറുപടി

ശ്രീമതി കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | കേരളത്തെ വയോജന സൗഹൃദ സംസ്ഥാനമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കേരളത്തെ വയോജന സൗഹൃദ സംസ്ഥാനമാക്കുന്നതിന്റെ ആദ്യപടിയായി തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളെ വയോസൗഹൃദ പഞ്ചായത്തുകളാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സെന്റർ ഫോർ ജെറന്റോളജിക്കൽ സ്റ്റഡീസ് മുഖേന നടപ്പിലാക്കുന്ന വയോ സൗഹൃദ ഗ്രാമപഞ്ചായത്ത് എന്ന ടി പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിലെ മാണിക്കൽ പഞ്ചായത്ത് വയോജന സൗഹൃദ ഗ്രാമപഞ്ചായത്തായി പ്രഖ്യാപിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ പൂവച്ചൽ, വെമ്പായം, പാലക്കാട് ജില്ലയിലെ കരിമ്പ, പെരുവെമ്പ്, മുണ്ടൂർ, പുതുശ്ശേരി പഞ്ചായത്തുകളും വയോജന സൗഹൃദമാക്കുന്നതിനുള്ള ഊർജ്ജിതമായ പ്രവർത്തനങ്ങൾ നടന്നുവരുന്നു. |

| | | | |
|---|---|---|---|
| | | | വയോജനങ്ങൾക്ക് അവശ്യം വേണ്ട അനുയോജ്യ സേവനങ്ങളെ അതിരുകളില്ലാതെ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ ആരംഭിക്കുന്ന പദ്ധതിയാണ് സായംപ്രഭ. വിവിധ വകുപ്പകളുടെ സഹകരണത്തോടെ വയോജനങ്ങൾക്ക് സുരക്ഷിതത്വം, സംരക്ഷണം, ആരോഗ്യം, പോഷണം, ഉപജീവനം, തുടങ്ങി സമസ്ഥ മേഖലകളിലും ക്ഷേമം ഉറപ്പുവരുത്തി വയോജന സൗഹൃദമാക്കുക എന്ന സമഗ്രപദ്ധതിയാണ് സായംപ്രഭ. |
| (ബി) | വൃദ്ധജനങ്ങളുടെ ക്ഷേമത്തിനായി 'സായം പ്രഭ' പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (ബി) യും (സി) യും | പദ്ധതി പ്രാരംഭ ഘട്ടത്തിലാണ്. ജീവിത സായാഹ്നത്തിൽ എത്തിനിൽക്കുന്ന സമൂഹത്തിലെ മുതിർന്ന പൗരന്മാരുടെ ശിഷ്ട ജീവിതം അർത്ഥ സമ്പുഷ്ടമാക്കാനും, വാർദ്ധക്യകാലത്ത് സ്വാഭാവികമായി നേരിടേണ്ടിവരുന്ന വെല്ലുവിളികളെ സധൈര്യം നേരിടുവാൻ അവരെ ക്രിയാത്മകമായി സജ്ജമാക്കുന്നതിനും സുസ്ഥിരമായ മാനസിക ശാരീരിക ആരോഗ്യം കൈവരിക്കുവാൻ പ്രാപ്തരാക്കുന്നതിനും സജ്ജരാക്കുന്നതി-നായുള്ള ഒരു പദ്ധതിയാണ് സായംപ്രഭ. വയോജനങ്ങൾക്ക് ആവശ്യം വേണ്ട അനുയോജ്യ സേവനങ്ങൾ അതിരുകളില്ലാതെ ലഭ്യമാക്കുകയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. സുരക്ഷിതത്വം, പോഷണം, ആരോഗ്യം, |
| (സി) | എങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | ഉപജീവനം, സംരക്ഷണം എന്നിവ എല്ലാ മുതിർന്ന പൗരന്മാർക്കും ഉറപ്പാക്കുകയാണ് ഇതിന്റെ ലക്ഷ്യം. |
| (ഡി) | വൃദ്ധജനങ്ങളെ സംരക്ഷിക്കുന്നതിനും വയോജനങ്ങളോടുള്ള അധിക്ഷേപങ്ങൾ തടയുന്നതിനുമായി സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | എല്ലാ വർഷവും സാമൂഹ്യനീതി വകുപ്പ് സംഘടിപ്പിക്കുന്ന സംസ്ഥാന/ജില്ലാതല വയോജന ദിനാചരണത്തോടനുബന്ധിച്ച് വയോജനങ്ങളെ സംരക്ഷിക്കുന്നതിനും ബഹുമാനിക്കുന്നതിനുമുള്ള ബോധവത്ക്കരണ പരിപാടികൾ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുകയും പ്രസ്തുത വിഷയത്തെ സംബന്ധിച്ചുള്ള പ്രബന്ധ/ഉപന്യാസ മത്സരങ്ങൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുകയും ചെയ്യാറുണ്ട്. കൂടാതെ വയോജനങ്ങളെ സംരക്ഷിക്കുവാനും ബഹുമാനിക്കുവാനും വരും തലമുറയ്ക്ക് ബോധവത്ക്കരണം നൽകുന്നതിനായി പാഠ്യപദ്ധതികളിൽ പ്രസ്തുത വിഷയം SCERT ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ